**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 110** **23-08-2022 - ൽ മറുപടിയ്ക്ക്**

**സർവ്വീസ് ബുക്ക് പുനഃനിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അന്തരിച്ച മുൻ പോലീസ് ഹെഡ് കോൺസ്റ്റബിൾ സി.കെ. വിശ്വനാഥന്റെ (HC 1531) സർവ്വീസ് ബുക്ക് നഷ്ടമായതിനാൽ ടിയാൻ ജോലി നോക്കിയ യൂണിറ്റുകളിൽ നിന്നും രേഖകൾ ശേഖരിച്ച് സർവ്വീസ് ബുക്ക് പുനഃനിർമ്മിക്കുന്നതിന് സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിനു നിർദ്ദേശം നൽകിയത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | 18.12.2021 |
| (ബി) | ടിയാന്റെ സർവ്വീസ് ബുക്ക് പുനഃനിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്: അതിനായി ഏതെല്ലാം യൂണിറ്റുകളിൽ നിന്നും വിവരം ശേഖരിക്കേണ്ടതുണ്ട്; ഏതെല്ലാം യൂണിറ്റുകളിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്; എന്നിവ വ്യക്തമാക്കാമോ; | (ബി) | ടിയാന്റെ സർവ്വീസ് ബുക്ക് പുനർ നിർമ്മിക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. 1963 മുതൽ സർവ്വീസ്-ശമ്പള കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന എം.എസ്.പി. മലപ്പുറം, ജില്ലാ പോലീസ് ഓഫീസ് പാലക്കാട് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കേണ്ടതായുണ്ടായിരുന്നു. ലഭ്യമായ റിക്കാർഡുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മേൽ യൂണിറ്റുകളിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. |
| (സി) | ടിയാന്റെ ആശ്രിതയ്ക്ക് കുടുംബപെൻഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടുംബപെൻഷൻ നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നും അത് എന്നത്തേക്ക് അനുവദിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടിയാന്റെ സേവന പുസ്തകം പുനർ നിർമ്മിച്ച് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു വേണ്ടി അക്കൗണ്ടന്റ് ജനറൽ, കേരളയ്ക്ക് അയച്ചു നൽകണമെന്ന് എ.ഡി.ജി.പി. ഇന്റലിജൻസിന് നിർദേശം നൽകിയിട്ടുണ്ട്. 31.08.2022-ന് മുമ്പായി സർവ്വീസ് ബുക്ക് പുനർ നിർമ്മിച്ച് അംഗീകാരത്തിനും തുടർന്ന് കുടുംബപെൻഷൻ അനുവദിക്കുന്നതിനുമായി അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്കും അയക്കുന്നതാണെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ